പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 988 29.09.2011- ൽ മറുപടിക്ക്

വെള്ളായിയുടെ വീട് പുനർനിർമ്മിക്കുന്നതിന് സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ.കെ ശശീന്ദ്രൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | കോഴിക്കോട് ജില്ലയിൽ കാക്കൂർ വില്ലേജിലെ പുന്നശ്ശേരി അംശം ദേശത്ത് രാമല്ലൂർ പുറായിൽ വെള്ളായിയുടെ വീട് കനത്ത മഴയിൽ തകർന്നതിനെ തുടർന്ന് വീട് പുനർനിർമ്മിക്കുന്നതിനായി സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ടോ? | (എ) | സർക്കാരിൽ അപേക്ഷ നൽകിയതായി കാണുന്നില്ല. എന്നാൽ കോഴിക്കോട് തഹസീൽദാർ മുമ്പാകെ അപേക്ഷ നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ അപേക്ഷയിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ? | (ബി) | ഈ വിഷയത്തിൽ കാക്കൂർ വില്ലേജ് ഓഫീസർ ഒരു ലക്ഷം രൂപ നാശനഷ്ടം കണക്കാക്കി തഹസീൽദാർക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കോഴിക്കോട് താലൂക്കിലെ ചാർജ്ജ് ഓഫീസർ മുഖേന നടത്തിയ അന്വേഷണത്തിൽ പ്രസ്തുത വീട് തകർന്നത് കാലപ്പഴക്കം മൂലമാണ് എന്നും കഴിഞ്ഞ ആറ് മാസമായി ഈ വീട്ടിൽ ആൾ താമസമില്ലായിരുന്നു എന്നും ബോധ്യപ്പെട്ടിട്ടുണ്ട്. എന്നിരിക്കിലും ടിയാളുടെ സാമ്പത്തികാവസ്ഥ പരിഗണിച്ച് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും 10,000/- രൂപ കോഴിക്കോട് ജില്ലാ കളക്ടർ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ